**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5065** **20-03-2025 - ൽ മറുപടിയ്ക്ക്**

**മൂച്ചിത്തറ-വെട്ടംപറമ്പ് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ കടമ്പഴിപ്പുറം-II വില്ലേജിനോട് ചേർന്നുള്ള 'മൂച്ചിത്തറ-വെട്ടംപറമ്പ് റോഡ് നവീകരണത്തിന് വില്ലേജിനോട് ചേർന്ന റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡ് പാട്ടത്തിന് ലഭ്യമാക്കാൻ പാലക്കാട് ജില്ലാ കളക്ടർ ശിപാർശ ചെയ്ത് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ കടമ്പഴിപ്പുറം - ii വില്ലേജിനോട് ചേർന്നുള്ള 'മൂച്ചിത്തറ – വെട്ടംപറമ്പ് റോഡ് നവീകരണത്തിന് വില്ലേജിനോട് ചേർന്ന റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡ് പാട്ടത്തിന് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപോസലിന്മേൽ യു3/226/2024/റവന്യൂ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചിട്ടുള്ളതും, വില്ലേജ് ഓഫീസ് കെട്ടിടത്തോട് തൊട്ടുചേർന്നുള്ള ഭൂമി പൊതുവഴി എന്ന ആവശ്യത്തിനായി അനുവദിക്കുന്നപക്ഷം ഓഫീസിന്റെ ഭാവി വികസനത്തിന് അത് തടസ്സമാകുന്നതിനാലും, വില്ലേജ് ഓഫീസ് കോമ്പൗണ്ടുകൾ ഒരു കാരണവശാലും പതിവിലോ പാട്ടത്തിലോ അനുവദിക്കാൻ പാടില്ലെന്ന് റവന്യൂ (എൽ) വകുപ്പിന്റെ 29.08.2009 ലെ 55028/എൽ3/2008/റവ നമ്പർ സർക്കുലർ നിർദ്ദേശം നിലവിലുള്ളതിനാലും അപേക്ഷ പരിഗണിക്കാൻ നിർവാഹമില്ലാത്തതിനാൽ, പ്രസ്തുത അപേക്ഷ നിരസിക്കാവുന്നതാണെന്നുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് 08.01.2025 തീയതിയിലെ യു3/226/2024/റവന്യൂ നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണറെ അറിയിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഭൂമി പാട്ടത്തിന് നൽകാൻ അനുമതി നൽകിയിട്ടുണ്ടോ അതോ നിരസിച്ചോയെന്ന് അറിയിക്കുമോ; സ്വീകരിച്ച നടപടിയെ സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | നിരസിച്ചു.<br><br>അനുമതി നിരസിച്ച വിവരം ലാൻഡ് റവന്യൂ കമ്മീഷണറെ 08.01.2025 തീയതിയിലെ യു3/226/2024/റവന്യൂ നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

റവന്യൂ ( യു ) വകുപ്പ്

നമ്പർ.യു3/226/ 2024- റവ 08-01-2025,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം

സർ,

വിഷയം:- റവന്യൂ വകുപ്പ് -പാലക്കാട് - കടമ്പഴിപ്പുറം പഞ്ചായത്തിന് റോഡ് വികസനത്തിനായി സർക്കാർ ഭൂമി പാട്ടത്തിന് വിട്ടുനല്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം നിരസിച്ച - അറിയിക്കുന്നത്- സംബന്ധിച്ച്

സൂചന:- താങ്കളുടെ 09/12/2024 ലെ LR/11062/2024-LR(J9) റിപ്പോർട്ട്

റോഡ് നിർമ്മാണത്തിനായി ഭൂമി പാട്ടത്തിന് അനുവദിക്കുവാൻ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ വ്യവസ്ഥയില്ല എന്നതും, റവന്യ ഓഫീസ് കോമ്പാണ്ടുകൾ പതിവിലോ പാട്ടത്തിലോ അനുവദിക്കാൻ പാടില്ലെന്ന 29/08/2009-ലെ 55028/എൽ3/2008/റവ നമ്പർ ഉത്തരവും പരിഗണിച്ച് പാലക്കാട്, ഒറ്റപ്പാലം താലൂക്ക് കടമ്പഴിപ്പുറം 2 വില്ലേജ് ബ്ലോക്ക് 76 റീസർവ്വെ നമ്പർ 262/21 ൽ പെട്ട 01.60 ആർ സർക്കാർ ഭൂമി കടമ്പഴിപ്പുറം പഞ്ചായത്തിന് റോഡ് വികസനത്തിനായി പാട്ടത്തിന് അനുവദിക്കണമെന്ന കടമ്പഴിപ്പുറം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ നിരസിക്കാവുന്നതാണ് എന്ന താങ്കളുടെ ശിപാർശ അംഗീകരിച്ചുവെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
SHAHEEDA S
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.